പത്രക്കുറിപ്പ് 27.03.2013

# ശാന്തിഗ്രാം ആരോഗ്യനികേതനവും സ്വരാജ് ഭവനും ഉദ്ഘാടനം ചെയ്തു

**ആരോഗ്യസംരക്ഷണത്തിനായി ജനകീയ ആരോഗ്യപ്രസ്ഥാനം അനിവാര്യം - വി.എം. സുധീരൻ**

വിഴിഞ്ഞം: സുസ്ഥിരമായ ആരോഗ്യസംരക്ഷണം സാധ്യമാക്കാൻ സർക്കാരും ജനങ്ങളും ചേർന്ന് ഒരു ജനകീയ ആരോഗ്യ പ്രസ്ഥാനം ആരംഭിക്കേണ്ടത് അനിവാര്യമാണെന്ന് വി.എം. സുധീരൻ ആഭിപ്രായപ്പെട്ടു. ശാന്തിഗ്രാം രജതജൂബിലിയുടെ ഭാഗമായി വിഴിഞ്ഞം ചപ്പാത്ത് ആസ്ഥാന മായി സ്ഥാപിച്ച ആരോഗ്യനികേതനത്തിന്റെ സമർപ്പണച്ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ശാന്തിഗ്രാം കേന്ദ്ര ഓഫീസ്, ജാക്ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, സമഗ്ര ഹോളി സ്റ്റിക് ഹെൽത്ത് പ്രൊമോഷൻ കൗൺസിൽ എന്നിവയുടെ ഫെസിലിറ്റേഷൻ ഓഫീസ് ഉൾക്കൊ ള്ളുന്ന സ്വരാജ് ഭവൻ കവിയത്രി **സുഗതകുമാരി**യും മിത്രനികേതൻ ഡയറക്ടർ **കെ. വിശ്വനാ ഥനും** ചേർന്ന് ഉദ്ഘാടനം ചെയ്തു.

ആശുപത്രികളും ചികിത്സാസൗകര്യങ്ങളും വർദ്ധിക്കുന്നതോടൊപ്പം കേരളത്തിൽ രോഗങ്ങളും വർദ്ധിക്കുകയാണെന്ന് വി.എം സുധീരൻ പറഞ്ഞു. വായു, ജലം, മണ്ണ് എന്നിവ മലിനീകരിച്ചും പ്രകൃതിയെ നശിപ്പിച്ചും കൊണ്ടുള്ള ജനങ്ങളുടെ ജീവിതരീതികൾ പുതിയ പുതിയ രോഗങ്ങളെ ക്ഷണിച്ചുവരുത്തുന്നു. വർദ്ധിച്ചു വരുന്ന ലഹരിയുടെ ഉപയോഗം ശാരീരികവും മാനസികവു മായ രോഗങ്ങൾ കൂട്ടുന്നു. രോഗാതുരമായ ഈ അവസ്ഥ മാറ്റി ആരോഗ്യസംരക്ഷണം യാഥാർത്ഥ്യ മാക്കുവാൻ ഒരു ജനകീയ ആരോഗ്യപ്രസ്ഥാനം അനിവാര്യമാണ്.

അഖിലേന്ത്യ ഗാന്ധിസ്മാരകനിധി ചെയർമാൻ **പി. ഗോപിനാഥൻ നായർ, പ്രൊഫ. ആർ. വി.ജി മേനോൻ, ആർ.കെ സുന്ദരം, ഡോ. വി. രാജസേനൻ നായർ, ഡോ. വി. രഘു, ഡോ. മേഴ്സി മുരിക്കൻ, പ്രൊഫ. റ്റി.എസ്.എൻ പിള്ള, പി.എം ദേവ്, എ. സരസ്വതീഭായി, ആർ. അപ്പുക്കുട്ടൻ, പയറ്റുവിള സി. രത്നാകരൻ, സി. ലീലാഭായി**, ശാന്തിഗ്രാം **അമ്മമാരായ കമല മ്മ, രഘുപതി, പത്മാവതി, സുമാംഗി** എന്നിവരെ ഗുരുവന്ദനം പരിപാടിയിൽ പൊന്നാട അണിയിച്ചു.

സമ്മേളനത്തിൽ കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് **പി.റ്റി മാത്യൂ** മുഖ്യാ തിഥിയായിരുന്നു. കോട്ടുകാൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് **ബി. ശിവകുമാർ**, എൻ.ആർ.എ ച്ച്.എം സോഷ്യൽ ഡവലപ്മെന്റ് ഹെഡ് **വി.വി രാമചന്ദ്രൻ** എന്നിവർ ആശംസകൾ അർപ്പിച്ചു.

“നിങ്ങൾ തന്നെ നിങ്ങളുടെ വൈദ്യൻ” എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന ആരോഗ്യ സമ്മേളനത്തിൽ **ഡോ. രവി എം. നായർ, ഡോ. മേഴ്സി മുരിക്കൻ, ഡോ. പി.കെ ജയ്റസ്, ഡോ. ജോൺബേബി, ഡോ. ഷാജികുട്ടി, ഡോ. കെ.എൻ സുനിൽദത്ത്, യോഗാചാര്യ ഡി. ശ്രീകണ്ഠൻ നായർ, ഡോ. വി. വിജയകുമാർ** എന്നിവർ വിഷയം അവതരിപ്പിച്ചു.

സുഹൃത് സമ്മേളനത്തിൽ **അജിത് വെണ്ണിയൂർ, ജോൺസൺ ജോസഫ്, പുഷ്പം വിൻസന്റ്, ഡോ. റ്റി. സുന്ദരേശൻ നായർ, എം.വി രാമകൃഷ്ണൻ, റൊസാരിയോ എലിസബത്ത്, അസൂ ന്താമോഹൻ, ഡാനിയേൽ മൊബേഷ്** എന്നിവർ പങ്കെടുത്തു. തുടർന്ന് നടന്ന **സംഗീതസദസിന് ഡോ. റ്റി.കെ. സനിത, ഐ. വിജയകുമാരി** എന്നിവർ നേതൃത്വം നൽകി.

എൽ. പങ്കജാക്ഷൻ
ഡയറക്ടർ, ശാന്തിഗ്രാം
(M) 9287548234, (O) 0471 2269780